**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1336** **07-10-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പഠനമികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന സ്കോളർഷിപ്പുകൾ ഏതെല്ലാമാണ്; സ്കോളർഷിപ്പുകളുടെ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (എ) | 1. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നാല്, ഏഴ് ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു വേണ്ടി വിദ്യാഭ്യാസവകുപ്പ് നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് എൽ.എസ്. എസ്/യു.എസ്.എസ് സ്കോളർ ഷിപ്പുകൾ യഥാക്രമം 1000/-, 1500/- രൂപയായി നൽകിവരുന്നു. 2. ശുദ്ധ സംസ്കൃത സ്കോളർഷിപ്പ് എ. സംസ്ഥാനത്ത് എച്ച്.എസ്,യു.പി,എൽ.പി വിഭാഗങ്ങളിലായി ജില്ലാ അടിസ്ഥാനത്തിൽ 600, 300,100രൂപ ക്രമത്തിൽ നൽകുന്നു. ബി. പ്ലാൻ ഇനത്തിൽ എച്ച്.എസ്, യു.പി., എൽ.പി.വിഭാഗത്തിലായി 2000,1500,1000 രൂപ ക്രമത്തിൽ ആകെ 9000 പേർക്ക് നൽകും. സി. നോൺ-പ്ലാൻ ഇനത്തിൽ 9,10 ക്ലാസ്സിലെ 2കുട്ടികൾക്ക് യു.പി.-250/- എച്ച്.എസ്- 250/-വീതം നൽകുന്നു. 3. ബി.പി.എൽ.വിഭാഗക്കാരായ ഹയർ സെക്കൻഡറി വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 500/- രൂപ വീതമുള്ള മെറിററ്-കം-മീൻസ് വാർഷിക സ്കോളർഷിപ്പ് നൽകി വരുന്നു. സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ